**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2504** **06-10-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുള്ള കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുള്ള കിഫ്ബി പദ്ധതികളായ ഒട്ടുപാറ-അത്താണി മാർക്കറ്റിന്റെയും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ആധുനിക ഗ്യാസ് ശ്മശാനത്തിന്റെയും നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | അത്താണി മാർക്കറ്റിന്റെ ഡിസൈൻ റിവ്യൂ കിഫ്ബിയിൽ പൂർത്തികരിച്ചിട്ടുണ്ട്. അത്താണി മാർക്കറ്റിന്റെ പുതുക്കിയ ഡ്രോയിങ്ങ്സ് ഉപയോഗിച്ച് എസ്റ്റിമേറ്റ് പുതുക്കി പദ്ധതി നിർവഹണ ഏജൻസിയായ ഇമ്പാക്ട്, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമുള്ള തിരുത്തലുകൾ പദ്ധതി നിർവഹണ ഏജൻസി നടത്തി വരുന്നു.<br><br>ഒട്ടുപാറ മാർക്കറ്റിന്റെ ഡിസൈൻ റിവ്യൂ കിഫ്ബിയിൽ പൂർത്തികരിച്ചിട്ടുണ്ട്. പുതുക്കിയ ഡ്രോയിങ്ങ്സ് ഉപയോഗിച്ച് എസ്റ്റിമേറ്റ് പുതുക്കുന്ന നടപടികൾ പദ്ധതി നിർവഹണ ഏജൻസി നടത്തി വരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ പദ്ധതി നിർവഹണ ഏജൻസി ഉടനടി സമർപ്പിക്കുന്നതാണെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട് .<br><br>വടക്കാഞ്ചേരി ആധുനിക ക്രിമറ്റോറിയം പദ്ധതിയ്ക്ക് 08.09.2025 ന DSR 2018 പ്രകാരം കിഫ്ബി ധനാനുമതി നൽകിയിരുന്നു. ടി പദ്ധതിയുടെ എസ്റ്റിമേറ്റ് DSR 2021 പ്രകാരം Price 3 സോഫ്റ്റ്‌വെയറിൽ പദ്ധതി നിർവഹണ ഏജൻസി തയാറാക്കി വരികയാണ്. |
| (ബി) | മേൽ പരാമർശിച്ച വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ ഡി. പി. ആർ., ഡ്രോയിങ്ങ്സ്, എസ്റ്റിമേറ്റ് എന്നിവ കിഫ്ബിക്ക് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഒട്ടുപാറ-അത്താണി മാർക്കറ്റുകളുടെ പ്രാഥമിക ഡിപിആർ, ഡ്രോയിങ്ങ്സ്,എസ്റ്റിമേറ്റ്സ് എന്നിവ പദ്ധതി നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ശേഷം ഒട്ടുപാറ-അത്താണി മാർക്കറ്റുകളുടെ ഡിസൈൻ റിവ്യൂ പൂർത്തീകരിച്ച വേളയിൽ കിഫ്ബിയിൽ നിർദ്ദേശിച്ച പ്രകാരം തിരുത്തലുകൾ വരുത്തിയ ഡ്രോയിങ്ങ്സുകളും പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് . വടക്കാഞ്ചേരി ആധുനിക |

| | | | |
|---|---|---|---|
| | | | ക്രിമിറ്റോറിയം പദ്ധതിയുടെ ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ച് ധനാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഒട്ടുപാറ-അത്താണി മാർക്കറ്റിന്റെയും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ ആധുനിക ഗ്യാസ് ശ്മശാനത്തിന്റെയും നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ? | (സി) | വടക്കാഞ്ചേരി ആധുനിക ക്രിമറ്റോറിയം പദ്ധതിയുടെ എസ്റ്റിമേറ്റ് DSR 2021 പ്രകാരം Price 3 സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി പരിശോധനയ്ക്കായി ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്നതാണ്. തുടർന്ന് സാങ്കേതിക അനുമതിയും കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും ലഭ്യമാക്കി പദ്ധതി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്. ഒട്ടുപാറ-അത്താണി മാർക്കറ്റുകളുടെ സാങ്കേതിക അനുമതിയും കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും ലഭ്യമാക്കി പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതും തുടർന്ന് പ്രവൃത്തികൾ ആരംഭിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ